# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5742** **02.07.2019 ലെ മറുപടി**

## പെരിങ്ങാട് പുഴയുടെ പുനരുജ്ജീവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി : | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പാവറട്ടി പഞ്ചായത്ത് ഉൾപ്പെടുന്ന പെരിങ്ങാട് പുഴയുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; പുനരുജ്ജീവന പ്രവർത്തനങ്ങളുടെ ഭാഗമായി നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ എന്തെല്ലാം;<br><br>(ബി) പ്രസ്തുത പുനരുജ്ജീവന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ? | (എ) യും (ബി) യും ഹരിതകേരളം മിഷൻ തൃശ്ശൂർ ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ ജനകീയ പിന്തുണയോടെ 2018 ഡിസംബർ 8 ന് പെരിങ്ങോട് പുഴയുടെ പുനഃരുജ്ജീവന പ്രവർത്തനങ്ങൾ ആരംഭിച്ചു. പുഴയോരത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്തു. ഇതു കൂടാതെ തൃശ്ശൂർ ജില്ലയിൽ മുല്ലശ്ശേരി കെ.എൽ.ഡി.സി കനാലിനു കുറുകെ ഇടിയഞ്ചിറ റെഗുലേറ്ററിന് താഴത്ത് പെരിങ്ങോട്ടുപുഴയിൽ മഹാ പ്രളയം മൂലം അടിഞ്ഞുകൂടിയ മണ്ണ് നീക്കംചെയ്യാൻ ആവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. റിപ്പോർട്ട് ലഭ്യമായതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**